LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റെയിൽവേക്ക് മാത്രമായി ലെയ്സൺ വിംഗ് ഇല്ല. എന്നാൽ സംസ്ഥാനത്തിന്റെ വിവിധ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത് ഉതകുംവിധം ഡൽഹിയിൽ കേരള ഹൗസിൽ ഒരു ലെയ്സൺ വിംഗ് നിലവിലുണ്ട്.

(ബി) സംസ്ഥാനത്തെ റെയിൽവേ വികസനത്തിന് മാർഗ്ഗരേഖ നിശ്ചയിക്കുന്നതിനായി ഒരു മോണിറ്ററിംഗ് സെൽ നിലവിലുണ്ട്. 26-7-2010-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 300/2010/ഗതാ. നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത സെൽ പുന:സംഘടിപ്പിച്ചിട്ടുണ്ട്. മേൽ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

റെയിൽവേയുടെ കേരളാ സോൺ

279 (876) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്, തിരുവനന്തപുരം, കൊങ്കൺ ഡിവിഷനുകളെ ഏകോപ്പിച്ചുകൊണ്ട് റെയിൽവേയുടെ കേരളാ സോൺ ലഭിക്കുന്നതിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാന എം.പി. മാരും സർക്കാരും ചേർന്ന് റെയിൽവേ മന്ത്രിയുമായി ചർച്ച നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) കേരളത്തിൽ ഹെഡ്ക്വാർട്ടേഴ്സുള്ള ഒരു പെനിൻസുലാർ റെയിൽവേ സോൺ രൂപീകരിക്കണമെന്നത് സംസ്ഥാനത്തിന്റെ മുഖ്യ ആവശ്യമായി സർവ്വകക്ഷിയോഗം ബഹു. കേന്ദ്ര റെയിൽവേ മന്ത്രിക്ക് നൽകിയ നിവേദനത്തിൽ മുന്നോട്ടുവച്ചിട്ടുണ്ട്. കൂടാതെ ടി നിർദ്ദേശം എം.പി.മാരുടെ കോൺഫറൻസുകളിലെ അജണ്ടകളിൽ മുഖ്യ വിഷയമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. *

റെയിൽവേ റിസർവേഷൻ കൗണ്ടർ പട്ടം എൽ.ഐ.സി. ഓഫീസിൽ നിലനിർത്തുന്നതിന് നടപടി

280 (877) ശ്രീ. എൻ. ശക്തൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ പട്ടം എൽ.ഐ.സി ഓഫീസിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന റെയിൽവേ റിസർവേഷൻ കൗണ്ടർ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇവിടെനിന്നും ഈ ഓഫീസ് മാറ്റുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇവിടെ റെയിൽവേ റിസർവേഷൻ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിൽതന്നെ ഈ ഓഫീസ് നിലനിർത്തുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. ഇക്കാര്യം റെയിൽ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എൽ.ഐ.സി. ഉദ്യോഗസ്ഥരും, റെയിൽവേ ഉദ്യോഗസ്ഥരുമായി ഇത് സംബന്ധിച്ച് ചർച്ചകൾ നടത്തുന്നതാണ്.

(ചോദ്യോത്തരങ്ങൾകഴിഞ്ഞു.)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 572, 579, 580, 582, 584, 587, 590, 592, 597, 602, 604, 607, 620, 622, 623, 630, 633, 636, 654, 662, 663, 666, 669, 673.674,678 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

അടിയന്തരപ്രമേയം

അനെർട്ടിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ

മി. സ്പീക്കർ : പൊതുമേഖലാ സ്ഥാപനമായ അനെർട്ടിന്റെ പുന:സംഘടനയിൽ നിയമവിരുദ്ധ പ്രവർത്തനങ്ങളും ധൂർത്തും ഫണ്ട് വകമാറ്റി ചെലവഴിക്കലും പുതിയ കമ്പനി രൂപീകരിക്കുവാനുള്ള തീരുമാനവും മൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. ജോർജ്, കെ. ബാബു, കെ. കുട്ടി അഹമ്മദ് കുട്ടി, കെ. പി മോഹനൻ, കെ. ബി. ഗണേഷ് കുമാർ, കെ. കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

പിന്നോക്ക-പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, കഴിഞ്ഞ നിയമസഭാ സമ്മേളനം നടക്കുമ്പോൾ ഇതേ പ്രശ്നംതന്നെ അടിയന്തര പ്രമേയമായി കൊണ്ടുവരികയും ബഹുമാനപ്പെട്ട സ്പീക്കർ 9-3-2010-ൽ സബ്മിഷനായി അനുവദിക്കുകയും ചെയ്ത പ്രശ്നം തന്നെയാണ് വീണ്ടും ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഞാൻ ഇവിടെ മറുപടി പറഞ്ഞതും സഭയ്ക്ക് അത് ബോദ്ധ്യപ്പെട്ടതുമാണ്. അത് ബോദ്ധ്യപ്പെടാഞ്ഞത് പോരാഞ്ഞിട്ട് ബഹുമാനപ്പെട്ട പി. സി. ജോർജ്ജ് ഞാനടക്കമുള്ളവരെ പ്രതിയാക്കി Before the Honourable Court of enquiry commission and the Special Judge Trivandrum. ഒരു കേസ്സും കൊടുത്തു. ഞാൻ ആറാമത്തെ പ്രതിയാണ്. ഈ പരാതിയിൽ സൂചിപ്പിച്ച ശ്രീ. സി. പി. നാരായണനും

LIBRARY ARCHIVES Kerala Legislative Assembly